**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1420** **11.08.2017 ൽ മറുപടിയ്ക്ക്**

**"കാസർകോട്ടെ പഞ്ചായത്തുകളിൽ ജൈവകൃഷി വ്യാപിപ്പിക്കാൻ പദ്ധതി"**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. എം. രാജഗോപാലൻ | ശ്രീ. വി.എസ് സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
| (എ) എൻഡോസൾഫാൻ കീടനാശിനി പ്രയോഗിക്കപ്പെട്ട കാസർഗോഡ് ജില്ലയിൽ ഏതൊക്കെ കീടനാശിനികളാണ് നിരോധിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇവ ജില്ലയിൽ ലഭ്യമാകുന്ന വിവരം വകുപ്പിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ) വിഷാംശം കൂടിയ ചുവപ്പും മഞ്ഞയും ലേബലുകളിൽ വിൽക്കപ്പെടുന്ന രാസകീടനാശിനികളുടെ ഉൽപ്പാദനവും വിതരണവും ഉപയോഗവും കാസർഗോഡ് ജില്ലയിൽ പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. ഇവ കാസർഗോഡ് ജില്ലയിൽ ലഭ്യമാകുന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടില്ല |
| (ബി) എൻഡോസൾഫാൻ പ്രയോഗം മൂലം ദുരിതത്തിലായ പഞ്ചായത്തുകളിൽ ജൈവകൃഷി വ്യാപിപ്പിക്കാൻ നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) 2011-12 മുതൽ കാസർഗോഡ് ജില്ലയിലെ 6 ബ്ലോക്ക് പരിധിയിലും കൃഷിഭവൻ വഴി ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പദ്ധതികൾ നടപ്പിലാക്കി വരുന്നു. 2012-13 ൽ കാസർഗോഡ് ജില്ലയെ ജൈവ ജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ട്.<br>പഞ്ചായത്ത് തലത്തിൽ കർഷകബോധവത്കരണം, ജൈവകൃഷി പരിശീലനം, പ്രദർശനത്തോട്ടം തയ്യാറാക്കൽ, റൂറൽ/വെർമികമ്പോസ്റ്റ് നിർമ്മാണത്തിനുള്ള ധനസഹായം, പുതിയ ഓർഗാനിക് ക്ലസ്റ്ററിനുള്ള ധനസഹായം, പഴയ ഓർഗാനിക് ക്ലസ്റ്റർ ശക്തിപ്പെടുത്തുന്നതിനുള്ള ധനസഹായം എന്നീ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.<br>പുതിയ ജൈവകർഷക യൂണിറ്റ് ആരംഭിക്കുന്നതിനും പഴയ യൂണിറ്റ് ശക്തിപ്പെടുത്തുന്നതിനും സാമ്പത്തിക സഹായം നൽകി വരുന്നു. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി മികച്ച രീതിയിൽ ജൈവകൃഷി നടപ്പിലാക്കിയ ഗ്രാമപഞ്ചായത്തുകൾക്ക് അവാർഡും ഏർപ്പെടുത്തിയിട്ടുണ്ട്. |

Deepthi

**സെക്ഷൻ ഓഫീസർ**